# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:390** **12.05.2017-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യ മേഖലയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സമൃദ്ധമായ ഉൾനാടൻ ജല സമ്പത്തുണ്ടായിട്ടും ഉൾനാടൻ മത്സ്യ മേഖലയുടെ ഉല്പാദന വിഹിതം വളരെ കുറവായിരിക്കുന്നതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; | എ) ഫിഷറീസ് വകുപ്പ് ഇതിനെക്കുറിച്ച് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രായോഗിക പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു വരികയാണ്. |
| ബി) കടൽ മത്സ്യ വിഭവശോഷണം ഗുരുതരമായി വരുന്ന പശ്ചാത്തലത്തിൽ, ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ മത്സ്യോല്പാദന വർദ്ധനവിനായി പരിപാടിയുണ്ടോ; വിശദാംശം അറിയിക്കാമോ; | ബി) ഉണ്ട്. ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ മത്സ്യോല്പാദന വർദ്ധനവിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br>1. ജലകൃഷി വ്യാപന പദ്ധതികൾ<br>2. നീലവിപ്ലവം പദ്ധതി<br>3. നൂതന മത്സ്യ കൃഷി പദ്ധതി<br>4. കോൾ നിലങ്ങളിലെ സംയോജിത ആറ്റുകൊഞ്ചു കൃഷി പദ്ധതി<br>5. കൈപ്പാട്- പൊക്കാളി പദ്ധതി<br>6. ഓപ്പൺ വാട്ടർ റാഞ്ചിംഗ്<br>7. മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി<br>8. മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്ന പദ്ധതി<br>9. നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നവീകരണ പദ്ധതി<br>10. മത്സ്യസമൃദ്ധി II പദ്ധതി |
| സി) സംസ്ഥാനത്ത് ഏറെ ആവശ്യക്കാരുള്ള മത്സ്യയിനങ്ങൾ ഉല്പാദിപ്പിക്കുന്നതിന് മുമ്പുണ്ടായിരുന്ന ജനകീയ മത്സ്യകൃഷി മാതൃകയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) ഉണ്ട്. ജനകീയ മത്സ്യകൃഷി പദ്ധതി II എന്ന പേരിൽ 48.38 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതി ഉൾനാടൻ മത്സ്യകൃഷി വ്യാപനത്തിനായി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**